സിനിമ





ന്യൂ (2323244) :: **World Invasion battle of Los Angels** (E) (11.30, 2.30, 6.30, 9.30)
ശ്രീകുമാർ (2331222) :: **സിങ്കംപുലി** (T) (11.15, 2.30
World Invasion battle of Los Angels (E) (6.30, 9.30)
ശ്രീ വിശാഖ് (2331222) :: **പയ്യൻസ്** (M) (11.30, 2.30, 6.30, 9.30)
ശ്രീപത്മനാഭ (2473999) :: **I am No. 4** (E) (11.40, 2.30, 6.30, 9.30)
അജന്ത (2472825) :: **മേക്കപ്പ്മാൻ** (M) (4 ഷോ)
കൃപ (2471655) :: **പുതുമുഖങ്ങൾ** (M) (11.30, 2.30, 6.15, 9.30)
സെൻട്രൽ (2462865) :: **ഹലോ ഡാർലിംഗ്** (E) (11.30, 2.30, 6.30, 9.30)
കൈരളി (3013030) :: **റെയ്ഡ്** (M) (11.30, 2.30, 6.30, 9.30)
ശ്രീ (3013030) :: **ഗദ്ദാമ** (M) (11.30, 2.30, 6.30, 9.30)
ധന്യ (2476773) :: **ട്രാഫിക്** (11.30, 2.30, 6.30, 9.30)
രമ്യ (2476773) :: **ഇളൈഞ്ജൻ** (T) (11.15, 2.30, 6.15, 9.30)
അതുല്യ (2475579) :: **സിദ്ധ + 2** (T) (11.30, 2.30, 6.30, 9.30)
അഞ്ജലി (2475579) : **മേരിക്കുണ്ടൊരു കുഞ്ഞാട്** (11.30, 2.30, 6.30, 9.30)
ആതിര (2475579) :: **മല്ലിക** (H) (11.30, 2.30, 6.30, 9.30)
അശ്വതി (2475579) **കാവലൻ** (T) (11.30, 2.30, 6.30, 9.30)
കലാഭവൻ :: **ഫ്രാഞ്ചിയേട്ടൻ ദി സെയിന്റ്** (M) (2.30, 6.30, 9.30
ശ്രീബാല (2478872) :: **മൻസുക്കുൾ മോഹം** (M)(4 ഷോ)
കഴക്കൂട്ടം കൃഷ്ണ (3251535) :: **Piana** (E) (11.30, 2.30, 6.30, 9.30)
വെട്ടുറോഡ് ഹരിശ്രീ (3256464) :: **അർജ്ജുനൻ സാക്ഷി** (M) (11.30, 2.30, 6.30, 9.30)
കഠിനംകുളം കാർത്തിക :: **അർജ്ജുനൻ സാക്ഷി** (T) (11.30, 2.30, 6.30, 9.30)
കഠിനംകുളം വി ട്രാക്സ് :: **സ്വന്തംഭാര്യ സിന്ദാബാദ്** (M) (11.30, 2.30, 6.30, 9.30)
ആറ്റിങ്ങൽ ഡ്രീംസ് (628997) :: **ചിരുത്തൈ** (T) (11.00) **ഗദ്ദാമ** (2.45, 6.30, 9.45)
ആറ്റിങ്ങൽ ഗംഗ (2629973) :: **മേക്കപ്പ്മാൻ** (M) (11.00, 2.30, 6.30, 9.30)
ആറ്റിങ്ങൽ യമുന (2629973) :: **സിദ്ധ + 2** (T) (11.³0, 2.15, 6.45, 9.45)
ആറ്റിങ്ങൽ കാവേരി :: **ട്രാഫിക്** (M) (11.15, 2.30, 6.30, 9.30)
ആറ്റിങ്ങൽ വൈശാഖ് (9947766777) :: **മേരിക്കുണ്ടൊരു കുഞ്ഞാട്** (T) (4 ഷോ)
ആറ്റിങ്ങൽ തപസ്യ പാരഡൈസ് (3291113) :: **നാടകമേ ഉലകം** (11.15, 3.00, 6.30, 9.30)
ആറ്റിങ്ങൽ തപസ്യ (620920) :: **പുതുമുഖങ്ങൾ** (M) (11.00, 2.45, 6.30, 9.45)
ആറ്റിങ്ങൽ ഗൗരി :: **മല്ലിക** (H) (11.00, 3.00, 6.30, 9.30)
നെടുമങ്ങാട് സൂര്യ (2802223) :: **മേക്കപ്പ്മാൻ** (M) (11.00, 2.30, 6.15, 9.30)
നെടുമങ്ങാട് ശക്തി (2813259) :: **വിരുതഗിരി IPS** (T) (11.00, 2.30, 6.30, 9.30)
നെടുമങ്ങാട് സരസ്വതി (2812571) :: **മേരിക്കുണ്ടൊരു കുഞ്ഞാട്** (T) (11.00, 2.30, 6.15, 9.30)
നെടുമങ്ങാട് റാണി :: **പുതുമുഖങ്ങൾ** (M) (11.00, 2.30, 6.15, 9.30)
പെരിങ്ങമ്മല അശ്വതി (2400394) :: **രക്ത ചരിത്ര** (T) (2.30, 6.30, 9.30)
വർക്കല എസ്. ആർ (2602339) :: **നാടകമേ ഉലകം** (M) (11.00, 3.00, 6.30, 9.30)
വർക്കല വിമല (2605700) :: **മേക്കപ്പ്മാൻ** (M) (11.00, 3.00, 6.30, 9.45)
വർക്കല സ്റ്റാർ സിനിമ (2602344) :: **ഗദ്ദാമ** (M) (11.30, 2.30, 6.30, 9.30)
പോത്തൻകോട് ഹരികൃഷ്ണ :: **കാവലൻ** (T) (2.45, 6.30, 9.30)
പാറശ്ശാല പടന്താലുംമൂട് ഐ.എം.പി :: **അൻവൻ** (T) (10.30, 2.30, 6.30, 9.30)
പോത്തൻകോട് എം.ടി സിനിമ :: **ബെസ്റ്റ് ആക്ടർ** (M) (2.45, 6.30, 9.45)
തിരുവല്ലം ശ്രീനാരായണ (2381270) :: **ബെസ്റ്റ് ആക്ടർ** (3 ഷോ)

സ്ഥാനാർത്ഥി മോഹികൾക്കെല്ലാം 'പാര'ഭയം

തിരുവനന്തപുരം: കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തല, പത്മജാ വേണുഗോപാൽ, കെ. മുരളീധരൻ എന്നിവരുടെ പേരുകൾ തലസ്ഥാനത്തെ ചില മണ്ഡലങ്ങളെ ചുറ്റിപ്പറ്റി ഉയർന്നു പൊങ്ങുമ്പോൾ ചങ്കിടിക്കുന്നത് ജില്ലയിലെ തന്നെ കോൺഗ്രസ് സ്ഥാനാർത്ഥി മോഹികൾക്കാണ്. തങ്ങളുടെ ഇപ്പോഴത്തെ നെഞ്ചെരിച്ചിൽ എന്തെന്ന് സ്ഥാനാർത്ഥി മോഹികൾക്കേ അറിയൂ. അതേസമയം വിധിച്ചത് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നവരുമുണ്ട്. എന്നാൽ ആരുവന്നാലും ജില്ലയിലെ ചില മണ്ഡലങ്ങളിൽ തങ്ങൾ തന്നെ സ്ഥാനാർത്ഥിയാകും എന്ന് വിശ്വസിക്കുന്നവരും കുറവല്ല.

തലസ്ഥാനത്തെ കോൺഗ്രസ് ക്യാമ്പിൽ ഏറെ ഡിമാൻഡുള്ള നിയോജക മണ്ഡലമാണ് പുതുതായി ജന്മംകൊണ്ട വട്ടിയൂർക്കാവ്. പാർലമെന്റ്, തദ്ദേശ ഭരണ തിരഞ്ഞെടുപ്പുകളിൽ യു.ഡി.എഫിന് വ്യക്തമായ മേൽക്കൈ ലഭിച്ചതോടെ കോൺഗ്രസുകാരെല്ലാം കണ്ണെറിയുന്നത് ഇവിടേക്കായി. രമേശ് ചെന്നിത്തല, പത്മജാ വേണുഗോപാൽ എന്നിവരുടെ പേരുകളാണ് നേരത്തേ ഇവിടെ ഉയർന്നിരുന്ന വി.ഐ.പി പേരുകളെങ്കിൽ ഇപ്പോൾ കെ. മുരളീധരന്റെ പേരും ഒരു കൂട്ടർ പ്രചരിപ്പിക്കുന്നുണ്ട്. എന്നാൽ രമേശ് ചെന്നിത്തലയും കെ. മുരളീധരനും ഉള്ളിലിരിപ്പ് ഇനിയും വ്യക്തമാക്കിയിട്ടില്ല.

ഇരുവരും ഈ മണ്ഡലം തിരഞ്ഞെടുക്കാനിടയില്ലെന്ന് അടുപ്പമുള്ളവർ അടക്കം പറയുന്നുണ്ട്. മുരളിയും പത്മജയും ഒരുമിച്ച് തിരഞ്ഞെടുപ്പിലുണ്ടാകില്ലെന്നു കരുതുന്നവരും കുറവല്ല. ഈ സാഹചര്യത്തിൽ കാര്യങ്ങൾ കറങ്ങിത്തിരിഞ്ഞെത്തുന്നത് ജില്ലയിലെ സ്ഥാനാർത്ഥി മോഹികൾക്കനുകൂലമായിട്ടു തന്നെ.

കെ.പി.സി.സി വക്താവ് എം.എം. ഹസനും വൈസ് പ്രസിഡന്റ് തലേക്കുന്നിൽ ബഷീറിനും തലസ്ഥാനത്ത് സീറ്റു കിട്ടിയാൽ കൊള്ളാമെന്നുണ്ട്. ഹസൻ തിരുവനന്തപുരവും തലേക്കുന്നിൽ ബഷീർ വാമനപുരവുമാണ് നോട്ടമിട്ടിട്ടുള്ളത്. ജില്ലയിലെ കോൺഗ്രസ് സിറ്റിംഗ് എം.എൽ.എമാർക്കു മുഴുവൻ സീറ്റുണ്ടാകുമെന്നാണ് പ്രതീക്ഷ. അഞ്ചു തവണയിൽ കൂടുതൽ മത്സരിച്ചവരെ മാറ്റിനിറുത്തണമെന്നൊരു നിർദ്ദേശം ഉയരുന്നുമുണ്ട്. അങ്ങനെയെങ്കിൽ ഏതാനും മണ്ഡലങ്ങളിൽ അപ്രതീക്ഷിതമായി പുതുമുഖങ്ങൾക്ക് അവസരം ലഭിച്ചേക്കും.

ജില്ലയിലെ കോൺഗ്രസ് സ്ഥാനാർത്ഥികളുടെ സാധ്യതാപട്ടിക:

വർക്കല: വർക്കല കഹാർ, ആറ്റിങ്ങൽ (സംവരണം): കെ. വിദ്യാധരൻ, ആറ്റിങ്ങൽ സുരേഷ്, മൺവിള രാധാകൃഷ്ണൻ, ചിറയിൻകീഴ് (സംവരണം): കാവല്ലൂർ മധു, കെ.എസ്. ഗോപകുമാർ, കെ. വിദ്യാധരൻ, കള്ളിക്കാട് ശശി, നെടുമങ്ങാട്: പാലോട് രവി, കെ. മോഹൻകുമാർ, പി.എസ്. പ്രശാന്ത്, ആറ്റിപ്ര അനിൽ, വാമനപുരം: തലേക്കുന്നിൽ ബഷീർ, പാലോട് രവി, ടി. ശരത്ചന്ദ്രപ്രസാദ്, സി. മോഹനചന്ദ്രൻ, കെ.എസ്. അനിൽ, കല്ലറ അനിൽകുമാർ, രമണി പി. നായർ, ഷാനവാസ് ആനക്കുഴി, എസ്. ജലീൽ മുഹമ്മദ്, കഴക്കൂട്ടം: എം.എ. വാഹിദ്, സി. മോഹനചന്ദ്രൻ, വട്ടിയൂർക്കാവ്: കെ.മോഹൻകുമാർ, വി.എസ്. ശിവകുമാർ, തിരുവനന്തപുരം: എം.എം. ഹസൻ, ടി. ശരത്ചന്ദ്രപ്രസാദ്, പി.കെ. വേണുഗോപാൽ, മണക്കാട് സുരേഷ്, എം. വിൻസെന്റ്, ലഡ്ഗർ ബാവ. നേമം: വിജയൻ തോമസ്, പി.കെ. വേണുഗോപാൽ, വി. പ്രതാപചന്ദ്രൻ, മണക്കാട് സുരേഷ്, അരുവിക്കര: ജി. കാർത്തികേയൻ, പാറശാല: എൻ. ശക്തൻ, എം.ആർ. രഘുചന്ദ്രബാൽ, സോളമൻ അലക്സ്, കെ. വിശ്വനാഥൻ, മുടവൻമുകൾ രവി, കാട്ടാക്കട: എൻ. ശക്തൻ, എം.ആർ. രഘുചന്ദ്രബാൽ, ആർ. വി. രാജേഷ്, എം. മണികണ്ഠൻ, കോവളം: ജോർജ് മെഴ്സിയർ, എം. വിൻസെന്റ്, നെയ്യാറ്റിൻകര: തമ്പാനൂർ രവി, വി.എസ്. ശിവകുമാർ, നെയ്യാറ്റിൻകര സനൽ, എസ്.കെ. അശോക്കുമാർ.

സി.പി.എം സ്ഥാനാർത്ഥി നിർദ്ദേശം; ജില്ലാ കമ്മിറ്റി ഇന്ന്

തിരുവനന്തപുരം: ജില്ലയിലെ സി.പി.എം സ്ഥാനാർത്ഥികളുടെ നിർദ്ദേശം സംസ്ഥാന കമ്മിറ്റിക്ക് സമർപ്പിക്കാൻ ജില്ലാ സെക്രട്ടേറിയറ്റും ജില്ലാ കമ്മിറ്റിയും ഇന്ന് ചേരും.

നിലവിലെ സൂചന അനുസരിച്ച് മന്ത്രി എം. വിജയകുമാറും സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ആനത്തലവട്ടം ആനന്ദനും വീണ്ടും മത്സരിക്കാനിടയില്ല.

പാർട്ടി ജില്ലാ സെക്രട്ടറി കടകംപള്ളി സുരേന്ദ്രനെ കഴക്കൂട്ടത്ത് പരിഗണിച്ചേക്കും. കടകംപള്ളി ഇല്ലെങ്കിൽ 'ട്രിഡ' ചെയർമാൻ സി. അജയകുമാർ മത്സരിക്കും.

പാറശ്ശാലയിൽ സി.പി.എം സംസ്ഥാന സമിതി അംഗം ആനാവൂർ നാഗപ്പൻ, നിലവിലുള്ള എം.എൽ.എ ആർ. ശെൽവരാജ് എന്നിവർക്കാണ് സാദ്ധ്യത. നേമത്ത് വി. ശിവൻകുട്ടി മത്സരിക്കും. വട്ടിയൂർക്കാവിൽ പേരൂർക്കട ഏരിയാ സെക്രട്ടറി ബി.എസ്. രാജീവ്, ജനാധിപത്യ മഹിളാ അസോസിയേഷൻ ജില്ലാ സെക്രട്ടറി എം.ജെ. മീനാംബിക എന്നിവരാണ് ലിസ്റ്റിലുള്ളത്.

വർക്കലയിൽ പാർട്ടി ഏരിയാ സെക്രട്ടറി എസ്. ഷാജഹാൻ, ജില്ലാ കമ്മിറ്റി അംഗവും ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമായ എസ്. സുന്ദരേശൻ എന്നിവർക്കാണ് സാദ്ധ്യത.

ആറ്റിങ്ങലിൽ ജില്ലാ കമ്മിറ്റി അംഗം ബി. സത്യൻ സ്ഥാനാർത്ഥിയാവും. വാമനപുരത്ത് നിലവിലുള്ള എം.എൽ.എ ജെ. അരുന്ധതിയോടൊപ്പം സംസ്ഥാന സഹകരണബാങ്ക് പ്രസിഡന്റ് കോലിയക്കോട് കൃഷ്ണൻനായർ, ജില്ലാ സെക്രട്ടേറിയറ്റ് അംഗം വി.കെ. മധു എന്നിവരെ പരിഗണിക്കുന്നുണ്ട്.

കാട്ടാക്കടയിൽ വി.ജെ. തങ്കപ്പൻ എം.എൽ.എ, പാർട്ടി ഏരിയാ സെക്രട്ടറി ഐ.ബി. സതീഷ് എന്നിവർ ഉൾപ്പെട്ടേക്കും.

നെയ്യാറ്റിൻകരയിൽ ആർ. ശെൽവരാജ്, സി.കെ. ഹരീന്ദ്രൻ എന്നിവർക്കാണ് സാദ്ധ്യത.

ഘടകകക്ഷികളുടെ കൈയിലുള്ള കോവളം, അരുവിക്കര എന്നിവ വിട്ടുകിട്ടാൻ സി.പി. എം ശ്രമിക്കുന്നുണ്ട്.

ആർ.എസ്.പിയുടെ അരുവിക്കര വി.കെ. മധുവിനായി വിട്ടുനൽകണമെന്ന ആവശ്യത്തിന്മേൽ ഇരു പാർട്ടി നേതാക്കളും ഇന്ന് ചർച്ച നടത്തും.

കോവളത്ത് പാർട്ടിയുടെ പുല്ലുവിള സ്റ്റാൻലിയെ സ്ഥാനാർത്ഥിയാക്കണമെന്നാണ് സി.പി.എം താത്പര്യം.

വീണ്ടും അധികാരത്തിൽ വരുമെന്ന് സുരേന്ദ്രൻപിള്ള

തിരുവനന്തപുരം: വൻ ഭൂരിപക്ഷത്തോടെ വീണ്ടും ഇടതുമുന്നണി അധികാരത്തിൽ വരുമെന്ന് മന്ത്രി വി. സുരേന്ദ്രൻപിള്ള പറഞ്ഞു. കേരള കോൺഗ്രസ് (തോമസ് ഗ്രൂപ്പ്) സംഘടിപ്പിച്ച യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന സെക്രട്ടറി ജനറൽ ജോർജ് സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് അഡ്വ. ആർ. സതീഷ്കുമാർ അദ്ധ്യക്ഷത വഹിച്ചു.

പ്രചാരണത്തിൽ ബി.ജെ.പി മുന്നിൽ

തിരുവനന്തപുരം: നിയമസഭയിൽ പ്രാതിനിധ്യമില്ലെങ്കിലും തിരുവനന്തപുരത്തും സമീപ മണ്ഡലങ്ങളിലും തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ മുന്നിൽ നിൽക്കുന്നത് ബി.ജെ.പി.

ഇന്നലെ ഡൽഹിയിലാണ് കേന്ദ്രനേതൃത്വം ഔദ്യോഗികമായി സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചതെങ്കിലും തിരുവനന്തപുരത്തെ ബി.ജെ.പി സ്ഥാനാർത്ഥികൾ ദിവസങ്ങൾക്ക് മുമ്പേ സജീവമായി രംഗത്തിറങ്ങിക്കഴിഞ്ഞിരുന്നു.

മുൻകേന്ദ്രമന്ത്രി ഒ. രാജഗോപാൽ മത്സരിക്കുന്ന നേമം, മുൻ സംസ്ഥാന പ്രസിഡന്റ് കൃഷ്ണദാസ് മത്സരിക്കുന്ന കാട്ടാക്കട, ബി.കെ. ശേഖർ മത്സരിക്കുന്ന തിരുവനന്തപുരം, വി.വി. രാജേഷ് മത്സരിക്കുന്ന വട്ടിയൂർക്കാവ് എന്നിവിടങ്ങളിലെല്ലാം പ്രചാരണത്തിൽ പാർട്ടി മുന്നേറിക്കഴിഞ്ഞു.

പ്രധാനപ്പെട്ട കേന്ദ്രങ്ങളിലെല്ലാം ചുമരെഴുത്തുകളും ഫ്ളക്സ് ബോർഡുകളും പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. പല സ്ഥാനാർത്ഥികളും അഭ്യർത്ഥനകൾ അച്ചടിച്ച് വിതരണം തുടങ്ങിയിട്ടുണ്ട്. പ്രധാന ബി.ജെ.പി സ്ഥാനാർത്ഥികളെല്ലാം തങ്ങളുടെ മണ്ഡലങ്ങളിൽ ഒരു റൗണ്ട് ഓട്ടപ്രദക്ഷിണം പൂർത്തിയാക്കി. അനൗൺസ്മെന്റ് വാഹനങ്ങളും ഇറങ്ങിക്കഴിഞ്ഞു. പാർട്ടിസ്ഥാനാർത്ഥികൾക്ക് വോട്ടഭ്യർത്ഥിച്ച് ഓഡിയോ കാസറ്റുകളും ബി.ജെ.പി ഇറക്കിയിട്ടുണ്ട്. നഗര മണ്ഡലങ്ങളിൽ ഇന്റർനെറ്റ് വഴിയുള്ള പ്രചാരണത്തിനുള്ള തയ്യാറെടുപ്പുകളും പൂർത്തിയായി.

ജില്ലയിലെ 3 മണ്ഡലങ്ങളിൽ സർവശക്തിയുമുപയോഗിച്ച് പോരാടുക, മറ്റ് 5 മണ്ഡലങ്ങളിൽ നല്ല പ്രകടനം കാഴ്ചവയ്ക്കുക, ബാക്കി മണ്ഡലങ്ങളിൽ വോട്ട് ചോരാതെ നോക്കുക എന്നതാണ് ബി.ജെ.പി തന്ത്രം. ഇതിനായി ആർ.എസ്.എസ് – സംഘപരിവാർ സംഘടനകളും രംഗത്തിറങ്ങും. തിരുവനന്തപുരത്തെ മൂന്ന് മണ്ഡലങ്ങളിലും ആർ.എസ്.എസ് സംസ്ഥാന നേതാക്കൾക്ക് മണ്ഡലങ്ങളുടെ ചുമതല നൽകിക്കഴിഞ്ഞു.

സുഷമാസ്വരാജ് ഉൾപ്പെടെയുള്ള നേതാക്കളെ പ്രചാരണത്തിനിറക്കി തങ്ങൾക്കനുകൂലമായ സാഹചര്യം സൃഷ്ടിക്കാനാണ് ബി.ജെ.പി ശ്രമം.

മുൻ കേന്ദ്രമന്ത്രി ഒ. രാജഗോപാൽ മത്സരിക്കുന്ന നേമം, കെ. സുരേന്ദ്രൻ മത്സരിക്കുന്ന മഞ്ചേശ്വരം എന്നിവിടങ്ങളിലാണ് ബി.ജെ.പി പ്രധാനമായും കേന്ദ്രീകരിക്കുന്നത്. പി.കെ. കൃഷ്ണദാസ് മത്സരിക്കുന്ന കാട്ടാക്കട, ബി.കെ. ശേഖർ മത്സരിക്കുന്ന തിരുവനന്തപുരം എന്നീ മണ്ഡലങ്ങളെയും ഈ പട്ടികയിൽ പെടുത്തിയിട്ടുണ്ട്.

യു.ഡി.എഫിന് എസ്.ആർ.പി പിന്തുണ

തിരുവനന്തപുരം: യു.ഡി.എഫിന് പിന്തുണ പ്രഖ്യാപിച്ചതായി എസ്.ആർ.പി സംസ്ഥാന ചെയർമാൻ അഡ്വ. എ.എൻ. പ്രേംലാൽ അറിയിച്ചു.

ശ്രീനാരായണ ധർമ്മവേദി തിരുവനന്തപുരം യൂണിയന്റെ ആഭിമുഖ്യത്തിൽ കരിക്കകം ദുരന്തത്തിന്റെ 25-ാം ദിനമായ ഇന്നലെ ദുരന്തത്തിൽ ജീവൻ പൊലിഞ്ഞ പിഞ്ചോമനകളുടെ ഛായാചിത്രം വേൾഡ് മാർക്കറ്റ് ജംഗ്ഷനിൽ സ്ഥാപിച്ച് സമൂഹപ്രാർത്ഥന നടത്തുന്നു. യൂണിയൻ സെക്രട്ടറി വി. സതീശൻ, ജഗതി രാജൻ, ജി. എം. തൃലോക്ചന്ദ്, ജയഹരി, സജീവൻ, ഷാജികുമാർ എന്നിവരെയും കാണാം

ഷെറിൻ ജയിലിലെ 'താരം'

തിരുവനന്തപുരം: 'എന്തുപറഞ്ഞാലും നീ എന്റേതല്ലേ വാവേ....' ഇമ്പമാർന്ന ഈണത്തിൽ ഷെറിൻ പാടി. തടവുകാരുടെ ഉള്ളിൽ അതൊരു നനവായി. വാർഡർമാർ ആസ്വദിച്ചു. പാടിത്തീർന്നപ്പോൾ ഷെറിന്റെയുള്ളിലും സ്നേഹത്തിന്റെ സ്പർശം പീലിവിടർത്തിയിരിക്കണം.

ഷെറിൻ ആരെന്നല്ലേ. പൂജപ്പുര സെൻട്രൽ ജയിലിലെ തടവുകാരി. ചെങ്ങന്നൂർ കാരണവർ വധക്കേസിലെ പ്രതി. പക്ഷേ, ഷെറിന്റെയുള്ളിൽ ഒരു കലാകാരിയുണ്ട്. അത് തടവുകാർ കണ്ടും കേട്ടുമറിഞ്ഞപ്പോൾ സമ്മാനം ഷെറിനു തന്നെ. ചലച്ചിത്രഗാനത്തിൽ ഒന്നാം സമ്മാനം. മാപ്പിളപ്പാട്ടിൽ രണ്ടാം സ്ഥാനം.

പാട്ടിൽ ഷെറിൻ ഇങ്ങനെ മിന്നിയപ്പോൾ കായികമത്സരത്തിലും സമ്മാനം ഷെറിൻ സ്വന്തമാക്കി. സ്പൂണിൽ നാരങ്ങയുമായി നടത്തം, സൂചിയിൽ നൂല് കോർക്കൽ, ഉരുളക്കിഴങ്ങ് പെറുക്കൽ എന്നിവയിലും ഷെറിൻ മികവ് പുലർത്തി സമ്മാനങ്ങൾ തന്റേതാക്കി.

ജയിൽ ദിനാഘോഷങ്ങളുടെ ഭാഗമായിട്ടായിരുന്നു മത്സരം. തടവുകാരിലും കലാകാരൻമാരും കലാകാരികളുമുണ്ടെന്ന് മത്സരം തെളിയിച്ചു. കിട്ടിയ സമ്മാനങ്ങൾ അവർ നെഞ്ചോട് ചേർത്ത് പിടിച്ച് സെല്ലുകളിലേക്ക് മടങ്ങി.

കാരണവർ വധക്കേസിൽ ശിക്ഷയനുഭവിക്കുന്ന ഷെറിൻ ജയിൽദിനാഘോഷത്തിൽ മികച്ച ഗായികയ്ക്കുള്ള സമ്മാനം വാങ്ങുന്നു

ഇന്ന്

കേന്ദ്ര സാഹിത്യ അക്കാഡമി അവാർഡ് നേടിയ എം.പി. വീരേന്ദ്രകുമാറിനെ ആദരിക്കൽ– മസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ വൈകിട്ട് 4ന്
ഗാന്ധി പീസ് ഫൗണ്ടേഷന്റെ ദണ്ഡിയാത്ര അനുസ്മരണം– പഴവങ്ങാടി ശ്രീചിത്രാഹോം ഓഡിറ്റോറിയത്തിൽ വൈകിട്ട് 6ന്
ബി. സുന്ദർകുമാറിന്റെ മഹാഭാരതം ഉപന്യാസം– ശ്രീവരാഹം അയോധ്യ നഗറിൽ വൈകിട്ട് 6.30 ന്
സ്വാതിതിരുനാൾ സംഗീതസഭയുടെ തൃമൂർത്തി ഉത്സവത്തിന്റെ ഉദ്ഘാടനം– കാർത്തിക തിരുനാൾ തിയേറ്ററിൽ വൈകിട്ട് 6 ന്
ഗവ. കോളേജ് ഒഫ് നഴ്സിംഗ് നടത്തുന്ന സെമിനാർ– മെഡിക്കൽ കോളേജ് ഓൾഡ് ഓഡിറ്റോറിയത്തിൽ രാവിലെ 9.30ന്
ആനയറ കൊല്ലപ്പെരുവഴി ശ്രീദേവീക്ഷേത്രത്തിലെ പ്രതിഷ്ഠാ മഹോത്സവം പുഷ്പാഭിഷേകം വൈകിട്ട് 7.15ന്
പനമൂട് ദേവീക്ഷേത്രത്തിൽ പൊങ്കാല രാവിലെ 10.35ന്
മുട്ടത്തറതുറയിൽ അന്നപൂർണേശ്വരി ഭദ്രകാളി ക്ഷേത്രത്തിൽ പ്രതിഷ്ഠാവാർഷികവും പൊങ്കാല മഹോത്സവവും ശ്രീമദ് ഭാഗവത സപ്താഹ യജ്ഞവും. രുക്മിണീസ്വയംവര ഘോഷയാത്ര രാവിലെ 8.45ന്
വാവറ പുളിയ്ക്കച്ചിറ മഹാവിഷ്ണു ക്ഷേത്രത്തിൽ വിശേഷാൽ പൂജ രാവിലെ 11ന്
കുച്ചരിക്കുന്നത്ത് മുറിപ്പാലത്തടി മാടൻ തമ്പുരാൻ കാമാക്ഷി അമ്മൻ ക്ഷേത്രത്തിൽ എഴുന്നള്ളിപ്പും നെയ്യാണ്ടിമേളവും ഉച്ചയ്ക്ക് 1.30ന്
അയണിക്കാട് (എട്ടാംകല്ല്) ഭദ്രകാളി ക്ഷേത്രത്തിൽ കളംകാവൽ രാത്രി 7ന്
കാഞ്ഞിരവിളാകം ദേവീക്ഷേത്രത്തിലെ തൂക്കമഹോത്സവം. ഷഷ്ഠിപൂജ രാവിലെ 10ന്
കുറ്റിപ്പാല ഭഗവതിക്ഷേത്രത്തിലെ പ്രതിഷ്ഠാവാർഷികവും കുംഭാഭിഷേകവും. ഭജന വൈകിട്ട് 6ന്
ഊരൂട്ടമ്പലം മണ്ണടിക്കോണം മുത്താരമ്മൻ ദേവീക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠാ കർമ്മവും അമ്മൻകൊട മഹോത്സവവും. ഗണപതിഹോമം രാവിലെ 6ന്
കരിക്കകം ശ്രീ എറുമല അപ്പൂപ്പൻ ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠാ വാർഷികവും കൊടുതി മഹോത്സവവും. പുരാണ പാരായണം രാവിലെ 9ന്
ശ്രീകാര്യം ഇളംകുളം മഹാദേവ ക്ഷേത്രത്തിൽ ഭക്തിഗാനമേള വൈകിട്ട് 5ന്
പോങ്ങുംമൂട് ഉള്ളൂർ പുളിക്കൽ ഭഗവതി ക്ഷേത്രത്തിൽ പുനഃപ്രതിഷ്ഠാ വാർഷിക മഹോത്സവം. ഭജന വൈകിട്ട് 7ന്
ശ്രീകാര്യം അമ്പലത്തറ തൈയ്ക്കാട്ടുകോണം മഹാദേവ ചാമുണ്ഡിദേവീക്ഷേത്രത്തിൽ പൂജയും വിളക്കും വൈകിട്ട് 7ന്
ഉദിയന്നൂർ ദേവീക്ഷേത്രത്തിൽ കുങ്കുമാഭിഷേകം വൈകിട്ട് 6ന്
മണ്ണാമ്മൂല ഇടയ്ക്കുളം ശ്രീ ഭഗവതി ക്ഷേത്രത്തിൽ ദേവീമാഹാത്മ്യപാരായണം രാവിലെ 9ന്
കരിക്കകം മൂലയിൽ പറമ്പിൽ ശ്രീ ദുർഗ്ഗാദേവീക്ഷേത്രത്തിൽ കലശാഭിഷേകം, പൂജ, ദീപാരാധന രാവിലെ 9.30ന്
മുക്കോലയ്ക്കൽ ദേവീക്ഷേത്രത്തിൽ സുവാസിനി പൂജ വൈകിട്ട് 6.30ന്

കരിക്കകം ദുരന്തം: ഡ്രൈവറുടെ ജാമ്യഹർജി തള്ളി

തിരുവനന്തപുരം: കരിക്കകം വാഹന ദുരന്തത്തിലെ വാൻ ഡ്രൈവർ സുമേഷിന്റെ ജാമ്യഹർജി പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി കെ. രാമകൃഷ്ണൻ തള്ളി. നേരത്തേ ഇതേ ആവശ്യം ഉന്നയിച്ച് പ്രതി കീഴ്ക്കോടതിയിൽ സമർപ്പിച്ച ജാമ്യഹർജിയും തള്ളിയിരുന്നു.

ജാമ്യമെടുക്കാൻ കൂട്ടയോട്ടം

തിരുവനന്തപുരം: മുങ്ങിനടന്നിരുന്നവർ തിരഞ്ഞെടുപ്പ് വന്നപ്പോൾ പൊങ്ങി. എന്തിനെന്നോ ജാമ്യമെടുക്കാൻ!

സ്ഥാനാർത്ഥിപ്പട്ടികയിൽ തങ്ങളുടെ പേരെങ്ങാനും കയറിവന്നാൽ പിന്നെ 'പാര'യാവാൻ പാടില്ലല്ലോ. അത് മുന്നിൽക്കണ്ട് യൂത്ത് കോൺഗ്രസ് മുൻ പ്രസിഡന്റ് സിദ്ധിക്ക്, ആർ. വി. രാജേഷ്, വണ്ടന്നൂർ സന്തോഷ്, പ്രശാന്ത് തുടങ്ങിയവരാണ് ഇന്നലെ ജുഡിഷ്യൽ ഒന്നാം ക്ളാസ് മജിസ്ട്രേട്ട് കോടതി (മൂന്ന്) യിൽ കീഴടങ്ങി മൂന്ന് വ്യത്യസ്ത കേസുകളിൽ ജാമ്യം നേടിയത്. ബസ്–വൈദ്യുതി ചാർജ് വർദ്ധനയ്ക്കെതിരെ 2009 ഫെബ്രുവരി 4ന് യൂത്ത് കോൺഗ്രസ് നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചിനിടെ പൊലീസ് ജീപ്പ് ആക്രമിച്ചുവെന്നും സർവകലാശാല ഉപകരണങ്ങൾ നശിപ്പിച്ചുവെന്നുമാണ് കേസ്. ഈ കേസുകളിൽ ജാമ്യമില്ലാ വാറണ്ട് പുറപ്പെടുവിച്ചിരുന്നു.

എസ്.ഐക്കെതിരെ കേസെടുത്തു

തിരുവനന്തപുരം: ഹോളോബ്രിക്സ് വ്യാപാരിയെ പൊലീസ് കസ്റ്റഡിയിൽ ദേഹോപദ്രവം ഏൽപ്പിച്ചതിന് പൂന്തുറ മുൻ എസ്.ഐ സുരേഷ്കുമാർ, എ.എസ്.ഐ കുമാരദാസ് എന്നിവർക്കെതിരെ ജുഡിഷ്യൽ ഒന്നാം ക്ളാസ് മജിസ്ട്രേട്ട് എ.എം. അഷറഫ് കേസെടുത്തു. പൂന്തുറ സ്വദേശി അബ്ദുൾ വാഹിദിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ തെളിവെടുപ്പിലാണ് കോടതി ഇവരെ പ്രതികളാക്കി കേസെടുത്തത്.

ജാമ്യം അനുവദിച്ചു

തിരുവനന്തപുരം: പ്രഭാതസവാരിക്കിടെയുള്ള വാഹനാപകടത്തിൽപ്പെട്ട് മുൻ എം.പി വർക്കല രാധാകൃഷ്ണൻ മരണമടഞ്ഞ കേസിൽ പ്രതി വിളപ്പിൽ സ്വദേശി ഷിബുകുമാറിന് ജുഡിഷ്യൽ ഒന്നാം ക്ളാസ് മജിസ്ട്രേട്ട് വി. സതീഷ്കുമാർ ജാമ്യം അനുവദിച്ചു. അഡ്വ. കവടിയാർ രാഹുൽ ഹാജരായി.

തിരുവനന്തപുരം യൂണിയന്റെ പ്രീമാര്യേജ് കൗൺസലിംഗ്

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം തിരുവനന്തപുരം യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രീമാര്യേജ് കൗൺസലിംഗ് ക്ളാസിന്റെ ഉദ്ഘാടനം നാളെ രാവിലെ 9ന് യോഗം അസി. സെക്രട്ടറി എസ്. രഞ്ജിത് നിർവഹിക്കും. യൂണിയൻ പ്രസിഡന്റ് കിളിമാനൂർ ചന്ദ്രബാബു അദ്ധ്യക്ഷത വഹിക്കും. സെക്രട്ടറി സി.എസ്. സുജാതൻ ആമുഖപ്രഭാഷണം നടത്തും. 13ന് വൈകിട്ട് 3ന് സമാപന സമ്മേളനം വനിതാ കമ്മിഷൻ ചെയർപേഴ്സൺ ജസ്റ്റിസ് ഡി. ശ്രീദേവി ഉദ്ഘാടനം ചെയ്യും. യോഗത്തോടനുബന്ധിച്ച് കേരള വനിതാ കമ്മിഷന്റെ ആഭിമുഖ്യത്തിൽ 'സ്ത്രീധന വിമുക്ത കേരളം – ആർഭാടരഹിത വിവാഹം' എന്ന വിഷയത്തെ അധികരിച്ച് ജസ്റ്റിസ് ശ്രീദേവി സംസാരിക്കും.

കേരള സർവകലാശാല യുവജനോത്സവത്തിൽ മോഹിനിയാട്ടത്തിന് മൂന്നാം സ്ഥാനവും ഇതര ക്ളാസിക്കൽ നൃത്തവിഭാഗങ്ങളിൽ രണ്ടാം സ്ഥാനവും നേടിയ കരമന എൻ.എസ്.എസ് കോളേജിലെ അശ്വതികൃഷ്ണ.